KERALA PSC

•LIVE

# 2023-24 ൽ ചോദിച്ച ചോദ്യങ്ങളും അനുബന്ധ ഘടകങ്ങളും



**LDC/LGS/LPUP/LSGS/CPO**

ഇന്ത്യയിലെ ഏത് സൈനിക വിഭാഗത്തിനാണ് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിലവിലുള്ള സുരക്ഷാ ചുമതല?

(A) ഡൽഹി പോലീസ് (Delhi Police)

(B) സി.ഐ.എസ്.എഫ്. (C.I.S.F.)

(C) സി.ആർ.പി.എഫ്. (C.R.P.F.)

(D) എൻ.എസ്.ജി. (N.S.G.)

ഇന്ത്യയിലെ ഏത് സൈനിക വിഭാഗത്തിനാണ് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിലവിലുള്ള സുരക്ഷാ ചുമതല?

(A) ഡൽഹി പോലീസ് (Delhi Police)

(B) സി.ഐ.എസ്.എഫ്. (C.I.S.F.) ✓

(C) സി.ആർ.പി.എഫ്. (C.R.P.F.)

(D) എൻ.എസ്.ജി. (N.S.G.)

# CISF

- CISF : CENTRAL INDUSTRIAL SECURITY FORCE
- CISF രൂപീകരിച്ചത് : 1969 മാർച്ച് 10
- CISF ആസ്ഥാനം : ന്യൂ ഡൽഹി
- CISF ന്റെ പുതിയ മേധാവിയായി ചുമതലയേറ്റത് : നീന സിംഗ് (ഈ പദവിയിലെത്തുന്ന ആദ്യ വനിത)
- ഡയറക്ടർ ജനറൽ റാങ്കിലുള്ള ഇന്ത്യൻ പോലീസ് സർവീസ് ഉദ്യോഗസ്ഥനാണ് സിഐഎസ്എഫിൻ്റെ തലവൻ
- കേന്ദ്ര സേനയിൽ ഡയറക്ടർ ജനറലായി ഉയർത്തപ്പെടുന്ന ആദ്യ വനിതകൂടിയാണ് നീന സിംഗ്
- പാർലമെന്റിലെ സുരക്ഷാ വീഴ്ചയെ തുടർന്ന് ഡൽഹി പോലീസ് ന്റെ ചുമതല മാറ്റി CISF ന് കൈമാറി

## NEW APPOINTMENTS

പച്ചവെള്ളം

- CRPF (Central Reserve Police Force) മേധാവിയായി ചുമതലയേറ്റത് : അനീഷ് ദയാൽ സിംഗ്
- ITBP (Indo-Tibetan Border Police) മേധാവിയായി ചുമതലയേറ്റത് : രാഹുൽ രസ്ഗോത്ര
- ഫയർ സർവീസ്, സിവിൽ ഡിഫൻസ് & ഹോം ഗാർഡ് ഡയറക്ടരർ ജനറൽ : വിവേക് ശ്രീവാസ്തവ

ഇന്ത്യയിൽ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സ്റ്റാർസ് പ്രൊജക്ട് ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ്?

(A) കോളേജ് വിദ്യാഭ്യാസം

(B) മെഡിക്കൽ വിദ്യാഭ്യാസം

(C) സ്കൂൾ വിദ്യാഭ്യാസം

(D) ഇവയൊന്നുമല്ല

പച്ചവെള്ളം

ഇന്ത്യയിൽ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സ്റ്റാർസ് പ്രൊജക്ട് ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ്?

(A) കോളേജ് വിദ്യാഭ്യാസം (B) മെഡിക്കൽ വിദ്യാഭ്യാസം

(C) സ്കൂൾ വിദ്യാഭ്യാസം ✓ (D) ഇവയൊന്നുമല്ല

പച്ചവെള്ളം

# സ്റ്റാർസ് പദ്ധതിയിൽ കേരളത്തിന് പങ്കാളിത്തം

- പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള ലോകബാങ്കും സർവ്വശിക്ഷാ അഭിയാനും ചേർന്നുള്ള പദ്ധതി :- സ്ട്രെങ്ത്തനിങ് റ്റീച്ചിങ്-ലേണിങ് ആന്റ് റിസൾട്ട്സ് ഫോർ സ്റ്റേറ്റ്സ് (സ്റ്റാർസ് )

- ലോക ബാങ്കിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന സ്റ്റാർസ് പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത സംസ്ഥാനങ്ങളുടെ എണ്ണം :- 6

- ഹിമാചൽ പ്രദേശ്, കേരളം, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിൻ്റെ ഗുണനിലവാരവും ഭരണവും മെച്ചപ്പെടുത്തുന്നതിനുള്ള പരിഷ്കരണത്തെ സ്ട്രെങ്ത്തനിംഗ് ടീച്ചിംഗ്-ലേണിംഗ് ആൻഡ് റിസൾട്ട്സ് ഫോർ സ്റ്റേറ്റ്സ് (STARS) പ്രോഗ്രാം

പച്ചവെള്ളം

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് ______ന്റെ ലക്ഷ്യം.

(A) പഞ്ചവത്സര പദ്ധതി

(B) ലൈഫ് മിഷൻ പദ്ധതി

(C) നീതി ആയോഗ്

(D) അന്ത്യോദയ അന്നയോജന പദ്ധതി

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് ______ന്റെ ലക്ഷ്യം.

(A) പഞ്ചവത്സര പദ്ധതി

(B) ലൈഫ് മിഷൻ പദ്ധതി ✓

(C) നീതി ആയോഗ്

(D) അന്ത്യോദയ അന്നയോജന പദ്ധതി

# ലൈഫ് മിഷൻ കേരള ഭവന പദ്ധതി

- ❖ സംസ്ഥാനത്ത് ഭവനരഹിതർക്ക് സൗജന്യവും താങ്ങാനാവുന്നതുമായ ഭവനങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ ലൈഫ് മിഷൻ കേരള ഭവന പദ്ധതി സ്ഥാപിച്ചു
- ❖ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നിർധനർക്ക് ഭവന അവസരങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്.

## പദ്ധതിയുടെ ഗുണഭോക്താക്കൾ

- ഭൂമിയുള്ള ഭവന രഹിതർ
- ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ
- പുറമ്പോക്കിലോ , തീരദേശ മേഖലയിലോ ; തോട്ടം മേഖലയിലോ താത്കാലിക ഭവനം ഉള്ളവർ.
- ഭൂരഹിത –ഭവന രഹിതർ

സംസ്ഥാന പാർപ്പിട മിഷൻ ടാസ്ക്ഫോഴ്സ്
അധ്യക്ഷൻ : മുഖ്യമന്ത്രി
സഹ അധ്യക്ഷൻ : തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി
CEO : പി. ബി. നൂഹ്



**ശ്രീ.പിണറായി വിജയൻ,**
മുഖ്യമന്ത്രി
അധ്യക്ഷൻ



**ശ്രീ. എം.ബി.രാജേഷ്**
മന്ത്രി (തദ്ദേശ ഭരണം)
സഹ അധ്യക്ഷൻ



**ശ്രീ. പി.ബി.നൂഹ് IAS,**
സി.ഇ.ഒ (ലൈഫ് മിഷൻ)

പച്ചവെള്ളം

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൌരന്മാർക്കുള്ള സ്വയം തൊഴിൽ പദ്ധതി:

(A) ശരണ്യ പദ്ധതി (B) സ്വാന്തനം

(C) നവജീവൻ (D) ആശ്വാസ നിധി

പച്ചവെള്ളം

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൌരന്മാർക്കുള്ള സ്വയം തൊഴിൽ പദ്ധതി:

(A) ശരണ്യ പദ്ധതി

(B) സ്വാന്തനം

(C) നവജീവൻ ✓

(D) ആശ്വാസ നിധി

# നവജീവൻ പദ്ധതി (മുതിർന്ന പൗരൻമാർക്കുള്ള സ്വയംതൊഴിൽ പദ്ധതി)

- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻ (50–65) മാർക്കുള്ള സ്വയംതൊഴിൽ പദ്ധതി.

## അർഹത

. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം.

. പ്രായപരിധി 50 നും 65 നും മദ്ധ്യേ ആയിരിക്കണം.

. വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

പച്ചവെള്ളം

# കൈവല്യ പദ്ധതി

ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള പുനരധിവാസ പദ്ധതി വൈകല്യമുള്ള എല്ലാ പൗരന്മാർക്കും സാമൂഹിക ഉൾപ്പെടുത്തൽ, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സമഗ്രമായ ചട്ടക്കൂട് വ്യക്തമാക്കുന്ന ഈ പുതിയ പദ്ധതി വകുപ്പ് രൂപപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിൽ നാല് ഘടകങ്ങൾ ഉൾപ്പെടുന്നു.

- വൊക്കേഷണൽ, കരിയർ ഗൈഡൻസ്
- ശേഷി വർധിപിക്കുക
- മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസുകൾ.
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പലിശ രഹിത വായ്പ.

## ശരണ്യ പദ്ധതി

- നിരാലംബരായ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി സ്കീം
- വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ, 30 വയസ്സിനു മുകളിലുള്ള അവിവാഹിത, പട്ടികവർഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാർ, കിടപ്പിലായ രോഗികൾ എന്നിവരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പുതിയ സ്വയംതൊഴിൽ പദ്ധതിയാണ് ശരണ്യ.

## ആശ്വാസനിധി പദ്ധതി

- ലൈംഗീകാതിക്രമങ്ങൾ,ആസിഡ് ആക്രമങ്ങൾ,ഗാർഹിക പീഡനം തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര സഹായം നൽകുന്ന പദ്ധതി

## സ്വാന്തനം പദ്ധതി

- ആരോഗ്യപരിപാലനരംഗത്ത് കുടുംബശ്രീ മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനം, 2006 ൽ ആരംഭിച്ച
- കിടപ്പിലായ രോഗികളെ വീട്ടിലെത്തി പരിചരിക്കുന്നതിന് കമ്യൂണിറ്റി ഹെൽത്ത് നേഴ്സ്മാരെ നിയോഗിക്കുന്ന സർക്കാർപദ്ധതി
- കുടുംബശ്രീ, Health Action by People (HAP), SBI എന്നിവയുടെ സഹകരണത്തോടെയുള്ള പദ്ധതി
- വീടുകളിലെത്തി രക്ത പരിശോധന , ബി.പി, പ്രമേഹം എന്നിവ വീടുകളിൽ നേരിട്ടെത്തി പരിശോധിക്കുന്ന പദ്ധതിയാണിത്

## സാന്ത്വന പദ്ധതി

- തിരികെയെത്തിയ പ്രവാസികൾക്കായുള്ള സംസ്ഥാന സർക്കാരിന്റെ ധന സഹായ പദ്ധതി

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ദിവസവേതനം എത്ര രൂപയാണ് വർദ്ധിപ്പിച്ചത്?

(A) 22 രൂപ
(B) 24 രൂപ
(C) 21 രൂപ
(D) 23 രൂപ

പച്ചവെള്ളം

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ദിവസവേതനം എത്ര രൂപയാണ് വർദ്ധിപ്പിച്ചത്?

(A) 22 രൂപ ✓ (B) 24 രൂപ

(C) 21 രൂപ (D) 23 രൂപ

# അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

- ആദ്യ വേതനം : 311
- നിലവിലെ വേതനം : 333

311+22 = 333

- നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക്, ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം

പച്ചവെള്ളം

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

- ആദ്യ വേതനം : 333
- നിലവിലെ വേതനം : 346

333+13= 346

പുതുക്കിയ നിരക്കപ്രകാരം ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്നത് ഹരിയാനയിലാണ്, 374 രൂപ

- 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻറെ അടിസ്ഥാനത്തിൽ, ഗ്രാമീണ മേഖലയിൽ അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം പരമാവധി 100 ദിവസത്തെ തൊഴിൽ ആവശ്യാധിഷ്ഠിതമായി നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

പച്ചവെള്ളം

താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്ഥാനവുമായി ശ്രീ. കുമാരഗുരുദേവൻ ബന്ധപ്പെട്ടിരിക്കുന്നു?

(A) സമത്വ സമാജം
(B) ആത്മവിദ്യാസംഘം
(C) അരയ സമാജം
(D) പ്രത്യക്ഷ രക്ഷാ ദൈവസഭ

താഴെ കൊടുത്തിരിക്കുന്ന ഏത് പ്രസ്ഥാനവുമായി ശ്രീ. കുമാരഗുരുദേവൻ ബന്ധപ്പെട്ടിരിക്കുന്നു?

(A) സമത്വ സമാജം

(B) ആത്മവിദ്യാസംഘം

(C) അരയ സമാജം

(D) പ്രത്യക്ഷ രക്ഷാ ദൈവസഭ ✓

| നവോത്ഥാന നായകർ | സംഘടന |
|---|---|
| കുമാരഗുരുദേവൻ (പൊയ്കയിൽ യോഹന്നാൻ) | പ്രത്യക്ഷ രക്ഷാ ദൈവസഭ (PRDS) 1909 |
| ശ്രീനാരായണഗുരു | SNDP (1903 മെയ് 15) |
| അയ്യങ്കാളി | സാധുജന പരിപാലന സംഘം (1907) |
| വൈകുണ്ഠ സ്വാമികൾ | സമത്വസമാജം (1836) |
| വാഗ്ഭടാനന്ദൻ | ആത്മ വിദ്യാസംഘം (1917) |
| വാഗ്ഭടാനന്ദൻ | ഊരാളുങ്കൽ കൂലിവേലക്കാരുടെ പരസ്പര സഹായ സംഘം<br>ഈ സംഘട നിലവിൽ അറിയപ്പെടുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) |
| സഹോദരൻ അയ്യപ്പൻ | സഹോദര സംഘം (1917) |
| വക്കം അബ്ദുൽ ഖാദർ മൌലവി | ഇസ്ലാം ധർമ്മ പരിപാലന സംഘം<br>(SNDP മാതൃകയിൽ ) |

| നവോത്ഥാന നായകർ | സംഘടന |
|---|---|
| ഡോ. പൽപ്പു | മഹാ ഈഴവ സംഘം (greater ezhava association) 1896 |
| ഡോ. പൽപ്പു | തിരുവിതാംകൂർ ഈഴവ മഹാസഭ (1896) |
| ബ്രഹ്മാനന്ദ ശിവയോഗി | ആനന്ദ മഹാസഭ (1918) |
| ആഗമാനന്ദ സ്വാമി | സനാതന ധർമ്മ വിദ്യാർഥി സംഘം |
| മന്നത്ത് പത്മനാഭൻ | നായർ സർവീസ് സൊസൈറ്റി (NSS) 1914 ഒക്ടോബർ 31<br>(ഗോഖലയുടെ 'സെർവന്റ് ഓഫ് ഇന്ത്യാ സൊസൈറ്റി യുടെ മാതൃകയിൽ )<br>ആസ്ഥാനം : പെരുന്ന (ചങ്ങനാശ്ശേരി) |
| വി. ടി. ഭട്ടതിരിപ്പാട് | യോഗക്ഷേമ സഭ (1908) |
| പണ്ഡിറ്റ് കറുപ്പൻ | അരയസമാജം (1907) |

**അരയസമാജം – പണ്ഡിറ്റ് കറുപ്പൻ**

**അരയവംശ പരിപാലനയോഗം –വേലുകുട്ടിഅരയൻ**

**അരയൻ മാസിക – വേലുകുട്ടിഅരയൻ**

“ഗാന്ധിജിയും അരാജകത്വവും” (Gandhi & Anarchy) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?

(A) കെ. കേളപ്പൻ

(B) ചേറ്റൂർ ശങ്കരൻ നായർ

(C) പണ്ഡിറ്റ് കെ.പി. കറുപ്പൻ

(D) വൈകുണ്ഠ സ്വാമികൾ

പച്ചവെള്ളം

"ഗാന്ധിജിയും അരാജകത്വവും" (Gandhi & Anarchy) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?


(A) കെ. കേളപ്പൻ

(B) ചേറ്റൂർ ശങ്കരൻ നായർ ✓

(C) പണ്ഡിറ്റ് കെ.പി. കറുപ്പൻ

(D) വൈകുണ്ഠ സ്വാമികൾ

# ഗാന്ധിയൻ കൃതികൾ




ഗാന്ധിജിയും അരാജകത്വവും (Gandhi and anarchy)

– ചേറ്റൂർ ശങ്കരൻ നായർ

'മോഹൻദാസ് ഗാന്ധി'

– സ്വദേശാഭിമാനി രാമകൃഷ്ണപിള്ള


ഗാന്ധിജിയെ കുറിച്ച് മലയാളത്തിൽ ആദ്യ രചന നടത്തിയത്

- സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള മലയാളത്തിലേക്ക് വിവർത്തനം ചെയ്ത രചനകൾ


. സോക്രട്ടീസിന്റെ ജീവചരിത്രം

. കാറൽമാർകസിന്റെ ജീവചരിത്രം




## ഗാന്ധി ഇന്ത്യക്കുമുമ്പ് (Gandhi Before India)

–രാമചന്ദ്ര ഗുഹ




# Gandhi: The Years That Changed the World


Book by Ramachandra Guha




# ഗാന്ധിയും ഗാന്ധിസവും


– ഇ എം എസ്

പച്ചവെള്ളം




## സംശയാതീതം – ഗാന്ധിവധത്തെക്കുറിച്ചുള്ള രേഖകൾ

– ടീസ്റ്റ സെതൽവാദ്


I FOLLOW
THE MAHATMA

*by*


K. M. MUNSHI, B.A., LL.B., M.L.A.

*Advocate, High Court of Bombay; Formerly Home Minister, Government of Bombay; Fellow of the University of Bombay; President of the Bharatiya Vidya Bhavan, etc.*

BOMBAY AND CALCUTTA
ALLIED PUBLISHERS


# ഐ ഫോളോ ദ മഹാത്മാ (I Follow the Mahatma)

– കെ. എം. മുൻഷി




ദ ലൈഫ് ഓഫ് മഹാത്മാ ഗാന്ധി
(The Life of Mahatma Gandhi)


– ലൂയിസ് ഫിഷർ




***Waiting for the Mahatma***

**-Novel by R. K. Narayan**


പച്ചവെള്ളം




ഗാന്ധി ആന്ഡ് ദ അൺസ്പീക്കബിൾ :ഹിസ് ഫൈനൽ എക്സ്പീരിമെന്റ് വിത്ത് ട്രൂത്ത്


(Gandhi and the unspeakable : his final experiment with truth)

–ജെയിംസ് ഡഗ്ലസ്




# ഗാന്ധി – ജീവിതവും ചിന്തയും (Gandhi His Life And Thought)

ജെ. ബി. കൃപലാനി




ഇൻ സെർച്ച് ഓഫ് ഗാന്ധി

(In search of Gandhi)

–റിച്ചാർഡ് അറ്റൻബറോ

## ഗാന്ധിജിയുടെ രചനകൾ

- അൺടു ദിസ് ലാസ്റ്റ് : എ പാരാഫ്രേസ്
- യെർവാദ  മന്ദിറിൽ നിന്ന്
- ട്രസ്റ്റിഷിപ്പ്
- നിയമവും അഭിഭാഷകരും
- ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹം
- മഹാത്മാഗാന്ധിയുടെ തിരഞ്ഞെടുത്ത കത്തുകൾ
- എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ (ആത്മകഥ) ഗുജറാത്തി ഭാഷയിൽ

ഗാന്ധിജിയെ സ്വാധീനിച്ച കൃതി
ജോൺ റസ്കിന്റെ അൺടു
ദിസ് ലാസ്റ്റ്

പച്ചവെള്ളം

## ഗാന്ധിജിയുടെ പത്രങ്ങൾ

- ഇന്ത്യൻ ഒപീനിയൻ –ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച പത്രം (1903 ജൂണ് 6)
- ഹരിജൻ (ഇംഗ്ലീഷ്)
- നവജീവൻ(ഗുജറാത്തി)
- യങ്ഇന്ത്യ (ഇംഗ്ലീഷ്)

പച്ചവെള്ളം

2024 ലെ തണ്ണീർത്തട ദിനത്തിന്റെ പ്രമേയം കണ്ടെത്തുക :

(A) തണ്ണീർത്തടവും ജൈവ വൈവിധ്യവും

(B) തണ്ണീർത്തടവും വെള്ളവും

(C) തണ്ണീർത്തടവും മനുഷ്യ ക്ഷേമവും

(D) തണ്ണീർത്തടവും കാലാവസ്ഥാ വ്യതിയാനവും

2024 ലെ തണ്ണീർത്തട ദിനത്തിന്റെ പ്രമേയം കണ്ടെത്തുക :

(A) തണ്ണീർത്തടവും ജൈവ വൈവിധ്യവും

(B) തണ്ണീർത്തടവും വെള്ളവും

(C) തണ്ണീർത്തടവും മനുഷ്യ ക്ഷേമവും ✓

(D) തണ്ണീർത്തടവും കാലാവസ്ഥാ വ്യതിയാനവും

- തണ്ണീർത്തട ദിനം 2024 പ്രമേയം : തണ്ണീർത്തടങ്ങളും മനുഷ്യ ക്ഷേമവും (Wetlands and Human Wellbeing)
- തണ്ണീർത്തട ദിനം 2023 പ്രമേയം : തണ്ണീർത്തട പുനഃസ്ഥാപനം (Wetland Restoration)
- തണ്ണീർത്തട ദിനം 2022 പ്രമേയം : മനുഷ്യർക്കും പ്രകൃതിക്കും വേണ്ടിയുള്ള തണ്ണീർത്തടങ്ങളുടെ പ്രവർത്തനം (Wetlands action for people and nature)
- തണ്ണീർത്തട ദിനം 2021 പ്രമേയം : തണ്ണീർത്തടങ്ങളും വെള്ളവും (WETLANDS AND WATER)
- തണ്ണീർത്തട ദിനം 2020 പ്രമേയം : തണ്ണീർത്തടങ്ങളും ജൈവ വൈവിധ്യവും (Wetlands and Biodiversity)

ഗ്രാമ പഞ്ചായത്തുകൾക്ക് ടാക്സുകൾ ഏർപ്പെടുത്താനും പിരിച്ചെടുക്കാനും അധികാരം നൽകുന്നത് ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദ പ്രകാരമാണ്?

(A) അനുച്ഛേദം - 243 (H)

(B) അനുച്ഛേദം – 243 (E)

(C) അനുച്ഛേദം – 243 (B)

(D) അനുച്ഛേദം - 243 (A)

പച്ചവെള്ളം

ഗ്രാമ പഞ്ചായത്തുകൾക്ക് ടാക്സുകൾ ഏർപ്പെടുത്താനും പിരിച്ചെടുക്കാനും അധികാരം നൽകുന്നത് ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദ പ്രകാരമാണ്?

(A) അനുച്ഛേദം - 243 (H) ✓
(B) അനുച്ഛേദം – 243 (E)
(C) അനുച്ഛേദം – 243 (B)
(D) അനുച്ഛേദം - 243 (A)

# പഞ്ചായത്തുകളെ കുറിച്ച് ഭരണഘടനയുടെ ഭാഗം

## IX-ൽ ആർട്ടിക്കിൾ 243 മുതൽ ആർട്ടിക്കിൾ 243 O വരെ അടങ്ങിയിരിക്കുന്നു

- ആർട്ടിക്കിൾ 243 : നിർവചനങ്ങൾ (Definitions)
- ആർട്ടിക്കിൾ 243 A : ഗ്രാമസഭ
- ആർട്ടിക്കിൾ 243 B : പഞ്ചായത്തുകളുടെ ഭരണഘടന
- ആർട്ടിക്കിൾ 243 C : പഞ്ചായത്തുകളുടെ ഘടന
- ആർട്ടിക്കിൾ 243 D : സീറ്റുകളുടെ സംവരണം
- ആർട്ടിക്കിൾ 243 H : പഞ്ചായത്തുകളുടെ നികുതി ചുമത്താനുള്ള അധികാരങ്ങളും ഫണ്ടുകളും
- ആർട്ടിക്കിൾ 243 F : അംഗത്വത്തിനുള്ള അയോഗ്യതകൾ
- ആർട്ടിക്കിൾ 243 G : പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും
- ആർട്ടിക്കിൾ 243 E : പഞ്ചായത്തുകളുടെ കാലാവധി etc..

പച്ചവെള്ളം

- **ആർട്ടിക്കിൾ 243 I** : സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനുള്ള ധനകാര്യ കമ്മീഷൻ്റെ ഭരണഘടന
- **ആർട്ടിക്കിൾ 243 J** : പഞ്ചായത്തുകളുടെ ഓഡിറ്റ് & അക്കൌണ്ട്സ്
- **ആർട്ടിക്കിൾ 243 K** : പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പ്
- **ആർട്ടിക്കിൾ 243 L** : കേന്ദ്ര ഭരണ പ്രദേശങ്ങളിലേക്കുള്ള അപേക്ഷ
- **ആർട്ടിക്കിൾ 243 M** : ഭാഗം ചില മേഖലകളിൽ ബാധകമല്ല
- **ആർട്ടിക്കിൾ 243 N** : നിലവിലുള്ള നിയമങ്ങളുടെയും പഞ്ചായത്തുകളുടെയും തുടർച്ച
- **ആർട്ടിക്കിൾ 243 O** : തിരഞ്ഞെടുപ്പ് കാര്യങ്ങളിൽ കോടതികളുടെ ഇടപെടൽ തടയുക

പച്ചവെള്ളം

ലോകാരോഗ്യ ദിനം – 2024 ന്റെ പ്രമേയം (theme) ഏതാണ്?

(A) "സാമൂഹിക ആരോഗ്യമാണ് എന്റെ ആരോഗ്യം"

(B) "എന്റെ ആരോഗ്യം എന്റെ അവകാശം"

(C) "എല്ലാവർക്കും ആരോഗ്യം"

(D) "വ്യക്തിശുചിത്വം പ്രധാനം"

ലോകാരോഗ്യ ദിനം – 2024 ന്റെ പ്രമേയം (theme) ഏതാണ്?

(A) "സാമൂഹിക ആരോഗ്യമാണ് എന്റെ ആരോഗ്യം"

(B) "എന്റെ ആരോഗ്യം എന്റെ അവകാശം" ✓

(C) "എല്ലാവർക്കും ആരോഗ്യം"

(D) "വ്യക്തിശുചിത്വം പ്രധാനം"

- ലോകാരോഗ്യ ദിനം 2024 പ്രമേയം : എൻ്റെ ആരോഗ്യം, എൻ്റെ അവകാശം (My health, my right)
- ലോകാരോഗ്യ ദിനം 2023 പ്രമേയം : എല്ലാവർക്കും ആരോഗ്യം (Health for All)
- ലോകാരോഗ്യ ദിനം 2022 പ്രമേയം : നമ്മുടെ ഗ്രഹം, നമ്മുടെ ആരോഗ്യം (Our planet, our health)
- ലോകാരോഗ്യ ദിനം 2021 പ്രമേയം : മികച്ചതും ആരോഗ്യകരവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നു (Building a fairer, healthier world)
- ലോകാരോഗ്യ ദിനം 2020 പ്രമേയം : നഴ്സുമാർക്കും മിഡ്‌വൈഫുമാർക്കും പിന്തുണ നൽകുക (Support nurses and midwives)

ഇന്ത്യയുടെ റോക്കറ്റ് വുമൺ (Rocket Woman) എന്ന് അറിയപ്പെടുന്നത് ആരാണ്?

(A) കല്പന ചൌള
(B) റിതു കരിദാൾ
(C) റിമാ ഘോഷ്
(D) നിധി പോർവാൾ

പച്ചവെള്ളം

ഇന്ത്യയുടെ റോക്കറ്റ് വുമൺ (Rocket Woman) എന്ന് അറിയപ്പെടുന്നത് ആരാണ്?

(A) കല്പന ചൌള
(B) റിതു കരിദാൾ ✓
(C) റീമാ ഘോഷ്
(D) നിധി പോർവാൾ

- റോക്കറ്റ് മാൻ : കെ. ശിവൻ
  റോക്കറ്റ് വുമൺ : ഋതു കരിദാൾ




- മിസൈൽ മാൻ : APJ അബ്ദുൽ കലാം
  മിസൈൽ വുമൺ : ടെസി തോമസ്




പച്ചവെള്ളം

82. The given statements are about Brahmananda Sivayogi, a social reformer. Which among the following statements are true about him ?

I. He was born at Kollamcode in Plakkad district.

II. His original name was Karat Govinda Menon.

III. He created literary works, Sthree Vidya Poshini, “Jnana Kummi” and Mokshadeepam.

IV. A newspaper named ‘Kerala Sanchari’ was started by him.

A) II, III, IV

B) I, II, III

C) I, III, IV

D) I, II, IV

കേര ഫെഡ്/ ഹാൻഡ്‌ല്ലൂം/ജില്ലാ സഹകരണ ബാങ്ക്–ക്ലർക്ക്/ജൂനിയർ അസിസ്റ്റൻ്റ്/ബ്രാഞ്ച് മാനേജർ തസ്തികയുടെ പരീക്ഷ

QUESTION CODE : 44/24

D.O.E : 23/04/2024

82. The given statements are about Brahmananda Sivayogi, a social reformer. Which among the following statements are true about him ?

I. He was born at Kollamcode in Plakkad district.✓

II. His original name was Karat Govinda Menon. ✓

III. He created literary works, Sthree Vidya Poshini, "Jnana Kummi" and Mokshadeepam.✓

IV. A newspaper named 'Kerala Sanchari' was started by him.✗

A) II, III, IV

B) I, II, III

C) I, III, IV

D) I, II, IV

- ജനനം : 1852 ഓഗസ്റ്റ് 26 (കൊല്ലങ്കോട്, പാലക്കാട്)✓
- പാലക്കാട് കൊല്ലങ്കോട്ട് ജനിച്ചു. 'കാരാട്ട് ഗോവിന്ദമേനോൻ' എന്നാണ് പഴയ പേര് ✓

QUESTION CODE : 44/24

D.O.E : 23/04/2024

# കേരള നവോത്ഥാന നായകർ
## ബ്രഹ്മാനന്ദ ശിവയോഗി
## (1852–1929)

- ജനനം : 1852 ഓഗസ്റ്റ് 26
- പാലക്കാട് കൊല്ലങ്കോട്ട് ജനിച്ചു.
- 'കാരാട്ട് ഗോവിന്ദമേനോൻ' എന്നാണ് പഴയ പേര്.
- പഠനകാലത്തുതന്നെ യുക്തിവാദിയായി മാറിയ ഗോവിന്ദൻ അന്ധവിശ്വാസങ്ങളെ ചോദ്യം ചെയ്തു.
- ആലത്തൂരിൽ വാനൂർ എന്ന സ്ഥലത്ത് സിദ്ധാശ്രമം സ്ഥാപിച്ചു.
- മരണം : 1929 സെപ്റ്റംബർ 10

പച്ചവെള്ളം

## പ്രധാന കൃതികൾ

- സ്ത്രീവിദ്യാ പോഷിണി
- ശിവയോഗ രഹസ്യം
- സിദ്ധാനുഭൂതി
- മോക്ഷപ്രദീപം
- ആനന്ദഗണം
- ആനന്ദദർശനം
- ആനന്ദഗുരുഗീത
- ആനന്ദ വിമാനം
- ആനന്ദ സൂത്രം
- ജ്ഞാനക്കുമ്മി
- വിഗ്രഹാരാധന ഖണ്ഡനം

## സംഘടനകൾ/സ്ഥാപക വർഷം

- ആനന്ദ മതം
- സിദ്ധാശ്രമം (1893)
- ആനന്ദമഹാസഭ (1918)

“നാരി ശക്തി വന്ദൻ അധിനിയം” ബില്ലിൽ രാഷ്ട്രപതി ഒപ്പുവെച്ചത്?

(A) 2023 Sept. 20

(B) 2023 Sept. 21

(C) 2023 Sept. 27

(D) 2023 Sept. 28

“നാരി ശക്തി വന്ദൻ അധിനിയം” ബില്ലിൽ രാഷ്ട്രപതി ഒപ്പുവെച്ചത്?

(A) 2023 Sept. 20

(B) 2023 Sept. 21

(C) 2023 Sept. 27

(D) 2023 Sept. 28 ✓

# നാരി ശക്തി വന്ദൻ അധിനിയം (വനിതാ സംവരണ ബിൽ)

- ❖പുതിയ പാർലമെന്റെ മന്ദിരത്തിൽ പാസ്സാകുന്ന ആദ്യ ബിൽ
- ❖ലോകസഭയിലും നിയമസഭയിലും സ്ത്രീകൾക്ക് 33% സംവരണം എർപ്പെടുത്തിയ ബിൽ
- ❖106 – മത് ഭേദഗതി (128 – മത് ബിൽ)
- ❖ലോകസഭ പാസ്സാക്കിയത് : – 2023 സെപ്റ്റംബർ 20
- ❖രാജ്യസഭ പാസ്സാക്കിയത് : – 2023 സെപ്റ്റംബർ 21

❖രാഷ്ട്രപതി ദ്രൗപതി മുർമു ഒപ്പിട്ടത് : – 2023 സെപ്റ്റംബർ 28

❖ലോകസഭയിൽ ബിൽ അവതരിപ്പിച്ചത് :– നിയമമന്ത്രി അർജ്ജുൻ റാം മേഘ് വാൾ

## 106 – ആം ഭരണഘടനാ ഭേദഗതിയിലൂടെ കൂട്ടിച്ചേർത്ത അനുച്ഛേദങ്ങൾ

- 330 A ലോക്സഭയിൽ വനിതാ സംവരണം ഉറപ്പുവരുത്തുന്നു.
- 332 A സംസ്ഥാന നിയമസഭയിൽ വനിതാ സംവരണം ഉറപ്പു വരുത്തുന്നു.
- 334 A ഈ നിയമത്തിൻ്റെ കാലാവധി നിലവിൽ വന്ന് 15 വർഷ കാലയളവിലേക്കാണ്

- **106 –ആം ഭരണഘടനാ ഭേദഗതിയിലൂടെ ഭേദഗതി വരുത്തിയ അനുച്ഛേദം**

  239 AA (2) ഡൽഹി നിയമസഭയിലെ വനിതാ സംവരണം ഉറപ്പുവരുത്തുക